മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 21

## വാർത്താക്കുറിപ്പ് (2)

---

# ആദിവാസി-ഗോത്ര ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ക്രിയാത്മക ഇടപെടൽ വേണമെന്ന് ശിൽപ്പശാല

ആദിവാസി-ഗോത്ര ജനത നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് ക്രിയാത്മക ഇടപെടൽ വേണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഊരുമൂപ്പന്മാർ ആവശ്യപ്പെട്ടു.

പശ്ചിമഘട്ടത്തിലെ ആദിവാസി ഗോത്ര അധിവാസം എന്ന വിഷയത്തിൽ അന്തർസർവകലാശാലാ സാമൂഹികശാസ്ത്ര ഗവേഷണകേന്ദ്രം തൊടുപുഴ മുനിസിപ്പാലിറ്റി ഹാളിൽ നടത്തിയ ശിൽപ്പശാലയിൽ 33 ഊരുമൂപ്പന്മാർ പങ്കെടുത്തു. പാർപ്പിടം, കൃഷി, ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അടിയന്തിര ശ്രദ്ധ പതിക്കേണ്ട വിഷയങ്ങളുണ്ടെന്നും വനാവകാശ നിയമം നടപ്പാക്കിയതിനെത്തുടർന്നുള്ള ആശങ്കകൾ പരിഹരിക്കണമെന്നും ആദിവാസി പ്രതിനിധികൾ ആവശ്യപ്പെട്ടു.

സർവകലാശാലയുടെ പരിസ്ഥിതി-സുസ്ഥിര വികസന പഠനകേന്ദ്രം ഫാക്കൽറ്റി ഡോ. ക്രിസ്റ്റഫർ ഉണ്ണ അധ്യക്ഷനായിരുന്നു.

സംസ്ഥാന പട്ടിക വർഗ ഉപദേശക സമിതി അംഗം സി. പി. കൃഷ്ണൻ, ഐ. ടി. ഡി. പി പ്രോജക്ട് ഓഫീസര് ജി. അനിൽ കുമാർ, തൊടുപുഴ സബ് ഇൻസ്പെക്ടർ ബൈജു പി. ബാബു, ഡോ. അഭിലാഷ് ബാബു, തുടങ്ങിയവർ പങ്കെടുത്തു. അന്തർസർവകലാശാലാ സാമൂഹികശാസ്ത്ര ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. കെ.എം. സീതി ആമുഖ പ്രഭാഷണം നടത്തി.

ഡോ. അനിൽ ഗോപി, എലിസബത്ത് എബ്രഹാം, സാബു തോമസ്, ജൂബിൻ ജേക്കബ്, നീന, എം. എസ്. സുധീപ്, തെൽഹത് തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. (പി.ആർ.ഒ./39/1511/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ